പ്രസിദ്ധീകരണത്തിന്

'സി.പി.എം. ചരിത്രപ്രദർശനത്തിൽ മന്നത്തു പത്മനാഭനില്ല' എന്ന ശീർഷകത്തിൽ ഇന്നത്തെ മാതൃഭൂമിദിനപത്രത്തിൽ വന്ന വാർത്ത വായിക്കാനിടയായി.

മന്നംസമാധിദിനത്തിൽ സി.പി.എം. പാർട്ടിപത്രത്തിൽ മന്നത്തുപത്മനാഭനെക്കുറിച്ച് നല്കിയ പ്രത്യേകലേഖനത്തിൽ മന്നത്തിന്റെ ഐതിഹാസികപോരാട്ടങ്ങൾ ഓർമ്മിപ്പിക്കുകയും എന്നാൽ, വിമോചനസമരക്കാരുടെ ചതിക്കുഴിയിൽ അദ്ദേഹം പെട്ടുപോയതാണെന്ന് വിശദീകരിക്കുകയും ചെയ്തതായി വാർത്തയിൽ പറഞ്ഞിരിക്കുന്നു.

ഇതുമൂലമാവാം സാമൂഹ്യപരിഷ്കർത്താക്കളുടെ കൂട്ടത്തിൽനിന്നും മന്നത്തു പത്മനാഭന്റെ ചിത്രം ഒഴിവാക്കിയത് എന്ന സൂചനയും വാർത്തയിൽ പ്രതിഫലിക്കുന്നുണ്ട്.

സമുദായതാൽപര്യത്തോടൊപ്പം ജനാധിപത്യവും മതേതരത്വവും രാജ്യതാൽപര്യങ്ങളും കാത്തുസൂക്ഷിക്കുന്ന കാര്യത്തിൽ എന്നും ബദ്ധശ്രദ്ധനും, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ദുർവ്യയങ്ങൾക്കും ഉച്ചനീചത്വങ്ങൾക്കും എതിരെ ശക്തമായ നിലപാട് സ്വീകരിച്ച സാമൂഹ്യപരിഷ്ക്കർത്താവും ആയിരുന്ന മന്നത്തു പത്മനാഭൻ രാഷ്ട്രീയനേട്ടങ്ങൾക്കു വേണ്ടി ഒരിക്കലും നിലകൊണ്ടിട്ടില്ല. അതുതന്നെയാണ് നായർ സർവീസ് സൊസൈറ്റിയും പിന്തുടരുന്നത്.

വിമോചനസമരത്തിന് അദ്ദേഹം നേതൃത്വം കൊടുത്തത് അന്നത്തെ കമ്മ്യൂണിസ്റ്റുദുർഭരണത്തിന് എതിരെയും സാമൂഹ്യനീതിക്കുവേണ്ടിയും ആയിരുന്നു. അത് ലോകം മുഴുവൻ അംഗീകരിക്കപ്പെട്ട കാര്യവുമാണ്.

ശ്രീ മന്നത്തു പത്മനാഭനോ അദ്ദേഹം പടുത്തുയർത്തിയ നായർ സർവീസ് സൊസൈറ്റിയോ രാഷ്ട്രീയനേട്ടത്തിനുവേണ്ടിയുള്ള നിലപാടുകൾ ഒരിക്കലും സ്വീകരിച്ചിട്ടില്ല.

രാഷ്ട്രീയപ്പാർട്ടികൾ ശ്രീ മന്നത്തു പത്മനാഭന്റെ ചിത്രം സൗകര്യംപോലെ ഉയർത്തിപ്പിടിക്കുകയും ചിലപ്പോൾ മാറ്റിവയ്ക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അത് അവരുടെ താല്ക്കാലികരാഷ്ട്രീയനേട്ടത്തിനുവേണ്ടി മാത്രമാണ്. സമുദായവും സമൂഹവും അത് തിരിച്ചറിയുന്നുണ്ട് എന്നു മനസ്സിലാക്കിയാൽ മതി.

പെരുന്ന
1.3.2022

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി